LIBRARY ARCHIVES Kerala Legislative Assembly

താഴം കാന്ത്രമലയിൽ ഭൂമി ലഭിച്ച കുടുംബങ്ങൾക്ക് റോഡ് നിർമ്മാണത്തിനാവശ്യമായ ഫണ്ട്

130 (1166) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ കുറുവട്ടൂർ പഞ്ചായത്തിലെ പുറ്റമണ്ണിൽ താഴം കാന്ത്രമലയിൽ ഭൂമി ലഭിച്ച 125 കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ എത്തിക്കുന്നതിനും യാത്രചെയ്യുന്നതിനും ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുറ്റമണ്ണിൽ താഴം കാന്ത്രമലയിൽ ഭൂമി ലഭിച്ച കുടുംബങ്ങൾക്ക് റോഡ് നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ജപ്തി ഭൂമി തിരിച്ച് നൽകുന്നത് സംബന്ധിച്ച്

131 (1168) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ജപ്തി നടപടികളിലൂടെ കൈവശപ്പെടുത്തിയ ഏതെങ്കിലും ഭൂമി ഉത്തരവിറക്കി ഭൂ ഉടമയ്ക്ക് തിരിച്ച് നല്കിയിട്ടുണ്ടോ ;

(ബി) ക്യാബിനറ്റ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി പഴയ ഉടമയ്ക്ക് തിരികെ നല്കിയ കേസ്സുകളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(സി) ഇപ്പോഴത്തെ മാർക്കറ്റ് വില ഈടാക്കിക്കൊണ്ടാണോ പ്രസ്തുത ഭൂമികൾ തിരിച്ച് നല്കിയത് ; അല്ലെങ്കിൽ കാരണം എന്ത് ;

(ഡി) ജപ്തി ചെയ്ത് കൈവശം വച്ചുവരുന്ന ഭൂമി ഭൂവില വർദ്ധനവ് പരിഗണിക്കാതെ, പഴയ കടിശ്ശിക മാത്രം ഈടാക്കിക്കൊണ്ട് തിരികെ നല്കിയ നടപടി നിയമാനുസൃതമാണോ ;

(ഇ) റവന്യൂ വകുപ്പിന്റെ അനുവാദം ഇല്ലാതെ മറ്റേതെങ്കിലും വകുപ്പിൽനിന്ന് മേൽപ്പറഞ്ഞ നിലയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ജപ്തി നടപടികളിലൂടെ കൈവശപ്പെടുത്തിയ ഭൂമി ഉടമയ്ക്ക് തിരികെ നൽകുന്നതിനുള്ള തീരുമാനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് എടുത്തിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി&ഡി) നിലവിലുള്ള സർക്കാർ ഉത്തരവുകളായ 1-3-2013-ലെ സ.ഉ. (എംഎസ്.) 76/13/റവ. നമ്പർ ഉത്തരവിലും 3-5-2013-ലെ സ.ഉ.(എംഎസ്.) 181/ 13/ റവ. നമ്പർ ഉത്തരവിലും ഇളവുവരുത്തിക്കൊണ്ട് മന്ത്രിസഭായോഗ തീരുമാനത്തിന്റെയും ബഹുമാനപ്പെട്ട കോടതി വിധികളുടെയും അടിസ്ഥാനത്തിലാണ് ബോട്ട്-ഇൻ-ലാന്റാക്കിയ വസ്തുക്കൾ തിരികെ നൽകിയിട്ടുള്ളത്.

(ഇ) ബോട്ട്-ഇൻ-ലാന്റ് തിരികെ നൽകുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് റവന്യൂ വകുപ്പിന് മാത്രമേ അധികാരമുള്ളൂ.

ഏറാമല വില്ലേജ് ഓഫീസ് നിർമ്മാണം

132 (1169) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ ഏറാമല പഞ്ചായത്തിൽ വില്ലേജ് ഓഫീസ് നിർമ്മിക്കാനുള്ള തീരുമാനം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) എത്ര തുകയാണ് ഇതിനുവേണ്ടി നീക്കിവെച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) വാടക കെട്ടിടത്തിൽ വളരെ പരിമിതികളോടുകൂടി പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസ് പഞ്ചായത്തിന്റെ സൗകര്യപ്രദമായ സ്ഥലത്ത് നിർമ്മിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സ.ഉ. (സാധാ) നമ്പർ 5363/14/റവ. തീയതി 6-11-2014 പ്രകാരം ഏറാമല വില്ലേജ് ആഫീസ് കെട്ടിട നിർമ്മാണത്തിനായി 20 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly